## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2599      12.02.2019-ൽ മറുപടിക്ക്

## പാലക്കാട് ജില്ലയിലെ ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.ഡി. പ്രസേനൻ :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പാലക്കാട് ജില്ലയിലെ ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾ എത്രയാണെന്ന് അറിയിക്കാമോ; | എ) | പാലക്കാട് ജില്ലയിൽ ഭൂരഹിതരായ 679 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ജില്ലയിലെ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കിയിട്ടുണ്ടോയെന്നും ഭൂമി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ; | ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിൽ 26 പേർക്ക് 6.5893 ഏക്കർ ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. 1409 പേർക്ക് 1234.54 ഏക്കർ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. പോത്തുണ്ടി ഡാം പരിസരത്ത് 87 പേർക്ക് 17.4 ഏക്കർ റവന്യൂ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം ഭൂമി വാങ്ങി നൽകുവാൻ നടപടി സ്വീകരിച്ചു വരുന്നു. വിജ്ഞാപനം പുറപ്പെടുവിച്ചതിൽ 63 ഭൂവുടമകളിൽ നിന്നും വിൽപ്പനയ്ക്ക് തയ്യാറാണെന്നുള്ള സമ്മതപത്രം ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് ഭൂമി വാങ്ങി നൽകുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| സി) | എങ്കിൽ എത്ര കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | സി) | 26 പേർക്ക് 6.5893 ഏക്കർ ഭൂമി വാങ്ങി നൽകി. 1409 പേർക്ക് 1234.54 ഏക്കർ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്തു. പോത്തുണ്ടി ഡാം പരിസരത്ത് 87 പേർക്ക് 17.4 ഏക്കർ ഭൂമി വിതരണം ചെയ്തു. |

**സെക്ഷൻ ഓഫീസർ**